**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 202 17.02.2016- ൽ മറുപടിക്ക്

## സഹകരണ മേഖലയുടെ പൊതുവിപണിയിലെ സാന്നിദ്ധ്യം

**ചോദ്യം**

പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ.സാജു പോൾ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി)

(എ) പൊതുവിപണിയിൽ ഇടപെടുന്നതിന് സഹകരണമേഖലയെ ശക്തമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എ) നടപ്പിലാക്കിയിട്ടുണ്ട്.
വിലക്കയറ്റം നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടുകൂടി കാലാകാലങ്ങളിൽ പ്രത്യേകിച്ച് ഉത്സവകാലഘട്ടങ്ങളിൽ സഹകരണ കൺസ്യൂമർ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് മുഖാന്തിരം സർക്കാർ സബ്സിഡിയോടെ വിപണന മേളകൾ നടത്തിവരുന്നു. വർഷം മുഴുവൻ സബ്സിഡിയിനത്തിൽ നിത്യോപയോഗ സാധനങ്ങൾ നന്മ സ്റ്റോറുകൾ വഴിയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ നീതി സ്റ്റോറുകൾ വഴിയും, ജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ വിലയ്ക്ക് സഞ്ചരിക്കുന്ന ത്രിവേണികൾ മുഖേനയും വിപണനം നടത്തിവരുന്നു. വിവിധ സഹകരണ സ്ഥാപനങ്ങൾ മുഖേന പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും മിതമായ നിരക്കിൽ വിൽപന നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രഖ്യാപനം നടപ്പായില്ലെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഈ മേഖലയെ അഴിമതിയും കെടുകാര്യസ്ഥതയും യഥാസമയം തടയുന്നതിൽ സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ച വന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (സി) | സഹകരണ കൺസ്യൂമർ മേഖലയിലെ അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിന് സർക്കാർ യഥാസമയം ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ